## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3591 | 17.10.2011-ലെ മറുപടിക്ക് |
|---|---|

### സ്വകാര്യ ലബോറട്ടറികളിലെ പരിശോധനാ ചാർജ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലേതുൾപ്പെടെയുള്ള ലബോറട്ടറികൾ, എക്സ്റേ യൂണിറ്റുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) ഒരേ പരിശോധനയ്ക്ക് വ്യത്യസ്ത സ്ഥാപനങ്ങൾ വ്യത്യസ്ത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;<br><br>സി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്ന പരിശോധനകൾക്ക് ഈടാക്കുന്ന ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | എ), ബി) & സി) നിലവിൽ ഇല്ല. എന്നാൽ സംസ്ഥാനത്തെ ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ലാബുകൾ, എക്സ്റേ യൂണിറ്റുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് ദി കേരള എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) ബിൽ 2008 എന്ന പേരിൽ ഒരു ബില്ലിന്റെ കരട് രൂപം തയ്യാറാക്കി വരുന്നു. ഈ ബിൽ നിലവിൽ വരുകയാണെങ്കിൽ സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ലാബുകളിലെ ക്ലിനിക്കൽ പരിശോധനകൾക്കുള്ള ഫീസ് ഏകീകരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അനുകൂല തീരുമാനം ഉണ്ടാകും. |

സെക്ഷൻ ഓഫീസർ